ഞങ്ങളുടെ വ്യസനത്തിനൊരരുതിക്കായിയവൾ
പോരാടി, എന്നുമാ വിജനമാംപാതയിൽ

പ്രതാപത്തിൻവർണ്ണരത്നത്തിലെ മാനവർ
നൽകിയ ഭോജനമവൾ മാറോട് ചേർത്തിരുന്നു.
എന്നുമാസന്ധ്യയിൽ ഞങ്ങളുടെ പശിക്കൊരറു–
തിയായ് അതവൾ ഞങ്ങൾക്കായിനൽകി.
അമ്മിഞ്ഞപാലിൻ മധുരംനുണയാനാവാത്ത
സങ്കടത്താലെൻ സോദരൻ വിതുമ്പുമ്പോളും
ഒരുതുള്ളി ജലംപോലും നുകരാഞ്ഞാവാത്തയ–
വളുടെ വേദനയെന്നുമൊരു നിദ്രയായ് യവളിലൊതുങ്ങി

വിജനമായി ഉറങ്ങിയ എന്നുടെയരി–
കിലേക്കവൾ പകർന്നുതന്ന അറിവിന്റെ വെളിച്ചം
ഇന്നുഞാനറിയുന്നു ഈ ലോകത്തെ, ഈ
മാനവരെ എനിക്കവൾ പകർന്നുതന്നയറിവിലൂടെ
എന്നുമെന്നിലാസത്യം മന്ത്രിക്കുന്നു അടുക്കളച്ചൂ–
ടിൽ ഇറ്റുവീണയവളുടെ വിയർപ്പിന്
മൂക്കുത്തിയേക്കാൾ പ്രകാശമുണ്ടായിരുന്നു.
വാനോളമുയർന്നിന്നുഞാനിലോകത്ത് നീയന്നേ
കിയ വെളിച്ചത്തിൻ ശക്തിയിൽ.

ഇടുങ്ങിയപാതയിലെന്നും സഞ്ചരിച്ച
നിൻ കാൽപാദങ്ങളിലെ ഉണങ്ങാത്ത
മുറിവുകളിന്നും ഞാനോർക്കുന്നു.
ഇരുളിൽതനിച്ചായ നിന്നുടെ ആ സന്ധ്യയി–
ന്നുമെന്നിലൊരു വിങ്ങലായി നിൽക്കുമ്പോൾ
വിവസ്ത്രധാരിയായിരുന്ന നിന്നുടെ പാദ–
ങ്ങളിലെ മുറിവുകളിൽ തേരട്ടകൂട്ടം വിശ–
പ്പകറ്റിയതുമിന്നെന്നിൽ ഒരു കനലായികത്തുന്നു.
നീ നൽകിയ അറിവിനമൃതിലിന്ന് ഞാൻ
തിളങ്ങുമ്പോൾ ഹൃദയം നുറുങ്ങുന്നമ്മേ
തിരിച്ചുപകരുവാനായി കഴിഞ്ഞില്ലല്ലോ
നീയെനിക്കായി പകർന്നുതന്ന വെളിച്ചം.

Jaisina
2016 Batch

ഒരു കഥാപാത്രത്തിന്റെ സ്മൃതി

പുലരുന്ന സൂര്യന്റെ തേജസായിരുന്നു അവളുടെ കണ്ണുകൾക്കെന്ന് സുരഭിയുടെ അച്ഛൻ ഓർത്തു. സ്വന്തം മകളുടെ ഓർമ്മകളാണ് അയാളുടെ സഹ ചാരി. മകളെ പിച്ചിച്ചീന്തിയ കാപാലികരെ ഒന്നും ചെയ്യാൻ പറ്റാത്ത നീതിപീഠത്തെ അവജ്ഞയോടെ അയാൾ ഓർത്തു. തന്റെ ചിത്രകലയെ ഏറ്റവും കൂടുതൽ ഇഷ്ടത്തോടെ വിമർശിച്ചിരുന്നതും അവ ളായിരുന്നു. അത് ആ അച്ഛൻ ആസ്വദിച്ചിരുന്നു. ചായങ്ങളുടെ ലോകത്തേക്ക് അവളെ കൈപിടിച്ചു കൊണ്ട് വന്നത് അവൾക്ക് നാലുവയസ്സുള്ളപ്പോഴായിരു ന്നു. അവൾ വളർന്നു. യൗവനത്തിന്റെ മാധുര്യം നിറ ഞ്ഞപ്പോഴും അവളിൽ ബാല്യത്തിന്റെ ചാപല്യമായി രുന്നു കൂടുതലും.

അന്നത്തെ ആ ദിവസം അയാൾ ഇന്നും ഭയത്തോ ടുകൂടി ഓർക്കുന്നു. ചായകൂട്ടുകളുമായി അയാൾ മകളെ കാണാൻ വീട്ടിൽ എത്തിയപ്പോൾ ചോര യുടെ ഗന്ധമായിരുന്നു ചുറ്റിനും. അമ്മയില്ലാത്ത തിന്റെ കുറവ് തെല്ലും അയാൾ അവളെ അറിയിച്ചി ട്ടില്ലാതെയാണ് വളർത്തിയത്. പക്ഷേ മദ്യത്തിന്റെ ലഹരിയിൽ മകൾ വീട്ടിൽ തനിച്ചാണെന്നും അവ ളുടെ പ്രായം കഴുകന്മാരുടെ കണ്ണുകൾക്ക് പോലും ആസക്തിയുണ്ടാക്കുന്നതാണെന്നും അയാൾ ഓർത്തില്ല. എന്നാൽ ആ കഴുകന്മാർ അവളുടെ തന്നെ ആൺസുഹൃത്തുക്കൾ ആയിരുന്നു, സഹ പാഠികൾ. അവർ ഇത്രയും നീചമായ കണ്ണുക ളോടെ അവളെ നോക്കികാണുമെന്ന് പാവം അറി ഞ്ഞില്ല. സ്വന്തം കൂടപ്പിറപ്പിനെപോലെ അവൾ കണ്ട വർ.

മകളുടെ തണുത്തുമരവിച്ച ആ ശരീരവും അതി നുചുറ്റും തളംകെട്ടി നിൽക്കുന്ന ചോരയ്ക്കും അവളുടെ ചായക്കൂട്ടുകളിലെ ഇഷ്ടനിറമായിരു ന്നു. അലറിവിളിക്കാനുള്ള കരുത്തുപോലും മദ്യം കീഴടക്കിയിരുന്നു. കൂട്ടുകെട്ടുകൾക്കുപോലും ചോരയുടെ നിറമാണെന്നും, അത് അന്ധകാര ത്തിന്റെ നിറത്തിലേക്ക് തള്ളിവിടുമെന്നുള്ള അറിവ് വിദൂരമല്ലാതാക്കി.

അയാൾ ഇന്നും ചായക്കൂട്ടുകൾകൊണ്ട് ചിത്രം വര യ്ക്കുമ്പോൾ മകളുടെ മനസ്സാണ് കാൻവാസിൽ തെളിയുന്നത്. അപ്പോൾ അയാൾ ഓർത്തു, കൂട്ടുകെട്ടുകൾക്ക് എപ്പോഴും ചായക്കൂട്ടിലെ ഒൻപത് നിറങ്ങൾ ഒന്നിക്കുമ്പോൾ ഉണ്ടാകുന്ന മഴവി ല്ലിന്റെ ദൃശ്യമനോഹാരിത ഉണ്ടായിരുന്നെങ്കിൽ തന്റെ മകളെ നഷ്ടമാവില്ലാരുന്നെന്ന്. അപ്പോഴും കാർമേഘങ്ങൾ ഇരമ്പുന്ന ശബ്ദമായിരുന്നു പശ്ചാത്തലം.........!!!!

Theertha S.S.
2014 Batch

ഭ്രാന്തി

ഒറ്റയ്ക്കായിരുന്നു... ചെറുപ്പം മുതലേ. തനിച്ചാകുന്നതിനെ അങ്ങേയറ്റം ഭയന്നിരുന്ന ഒരു കാലം ഉണ്ടായിരുന്നു. ചെറിയ രീതിയിൽ ഭ്രാന്തില്ലാത്ത ആരാണുള്ളത്, എല്ലാവരും ഭ്രാന്തന്മാർ. അവർ കാണാത്തത് പലതും ഞാൻ കണ്ടു. അവർ കേൾക്കാത്തത് പലതും ഞാൻ കേട്ടു. അപ്പോൾ മുദ്ര കുത്തപ്പെട്ടു.... ഭ്രാന്തി....

ചോദിക്കാതെ ദൈവം എനിക്കായി തന്ന ഒരു അനുഗ്രഹമായിരുന്നു അത്. ഇഹലോകവാസം വെടിഞ്ഞ് മറ്റേതോ ലോകത്തേക്ക് പോയി എന്ന് പറഞ്ഞ് പ്രിയപ്പെട്ടവരുടെ ഒക്കെ ഇടയിൽ തന്നെ വിലസി നടക്കുന്ന ആളുകളെ കാണാനും കേൾക്കാനും.

കേൾക്കുന്ന അത്രയും രസമുള്ള കാര്യമല്ല അത് അനുഭവിക്കുന്നത്. ഒരോ തവണ കട്ടിലിനടിയിൽ നിന്ന് ആ വിളറിയ കൈകൾ എന്റെ കാലിൽ കയറി പിടിക്കാൻ വരുമ്പോഴും.... ഒരോ തവണ കണ്ണാടി നോക്കുമ്പോൾ കാണുന്ന എന്റേതല്ലാത്ത പ്രതിബിംബത്തെ നോക്കി ശ്വാസം കിട്ടാതെ നിക്കുമ്പോഴും....

ഒരോ രാത്രിയും തലവഴി മൂടിയ പുതപ്പിനടിയിൽ ഞാനല്ലാതെ മറ്റാരുടെയോ സാമീപ്യം തോന്നുമ്പോഴും.... അലറി വിളിച്ചാൽ ഓടി വരുന്നവർക്ക് ഒന്നുകൂടെ മനസ്സിൽ വിളിക്കാം.... ഭ്രാന്തി....

മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിൽ ഈ മുറിയിൽ ഇരിക്കുമ്പോൾ ദാ പിന്നെയും ആ തോന്നൽ.... ഒറ്റയ്ക്കല്ല. ആരോ കൂടെയുണ്ട്. എനിക്ക് നേരെ കാണുന്ന ഭിത്തിയിൽ ആ കാണുന്നത് രണ്ട് നിഴലല്ലേ?... ഇതുവരെ കണ്ടിട്ടില്ലാത്ത, എന്നെ ഭയപ്പെടുത്താൻ കുട്ടിക്കാലം മുതൽ പിന്തുടരുന്ന ഒരാളും അല്ല അത്. പേടിയെ മറികടന്ന് എന്തോ ഒരു ചെറിയ ഇഷ്ടം ആ സാമീപ്യത്തോട് തോന്നുന്നു. ആരാണിത്... മുമ്പൊരിക്കലും കണ്ടിട്ടില്ലെന്ന് ഇപ്പോൾ എനിക്ക് ഉറപ്പിച്ച് പറയാൻ സാധിക്കുന്നില്ല. ഇല്ല... അപരിചിതൻ അല്ല എനിക്കയാൾ.

ഭിത്തിയിൽ കണ്ട നിഴൽ പതിയെ അടുത്തേക്കു വരുന്നു. തിരിഞ്ഞ് നോക്കണം എന്നുണ്ട്. പക്ഷെ കഴിയുന്നില്ല. ഇഷ്ടമാണ് എനിക്കിയാളെ, അടുത്ത് വരട്ടെ.

ഭിത്തിയിലെ ആ നിഴൽ അതാ എന്റെ നിഴലിനെ ചേർത്ത് പിടിക്കുന്നു. എനിക്ക് തെറ്റിയിട്ടില്ല. പ്രിയമുള്ള ആരോ...

മറന്നുവെന്ന് കരുതിയ ഓർമ്മകളിലേക്ക് മനസ്സ് പാഞ്ഞു. ആരാണിത്. എന്നെ ആരും സ്നേഹിച്ചിട്ടില്ല... ഞാൻ ആരെയെങ്കിലും സ്നേഹിച്ചിട്ടുണ്ടോ?... എനിക്കറിയില്ല.

ഭിത്തിയിലെ നിഴൽ എന്റെ നിഴലിനെ തലോടുന്നു.... ഓർത്തെടുത്തേ പറ്റൂ.... എന്നെ സ്നേഹിക്കുന്ന ഒരാൾ......

ഓർമ്മകൾ ചിലതൊക്കെ ഭ്രാന്തിനുള്ള മരുന്ന് തന്ന് മരവിപ്പിച്ച മനസ്സിൽ തെളിഞ്ഞ് വരുന്നു. സ്ഹേിച്ചിരുന്നു ഞാനിയാളെ... ഒരുപാട്.... കാരണം ആരും പേടിക്കുന്ന എന്റെ ഭ്രാന്തിനെ അയാൾ സ്നേഹിച്ചു. ഇപ്പോൾ ഞാനോർക്കുന്നു... ഈ ലോകം അർഹിച്ചിരുന്നില്ല, അദ്ദേഹത്തെ പോലെ നന്മയുള്ള മനുഷ്യനെ. അദ്ദേഹത്തിന്റെ മരണം എന്റെ കൈ കൊണ്ട് വേണം എന്നെനിക്ക് നിർബന്ധമുണ്ടായിരുന്നു. മറ്റാരും അതർഹിക്കുന്നില്ല. അഴുക്കു പിടിച്ച കൈകൾ ഉയർത്തി ഒന്നു സൂക്ഷിച്ച് നോക്കുമ്പോൾ ഓർമ്മ വരുന്നു... ഞാൻ തന്നെയാണ് ഈ ലോകത്തിലെ വേദനകളിൽ നിന്നും അദ്ദേഹത്തെ രക്ഷിച്ചത്.... ശ്വാസം കിട്ടാതെ അവസാനത്തെ പിടച്ചിലിൽ അദ്ദേഹത്തിന്റെ മുഖഭാവം... ഭയം എന്ന് മറ്റുള്ളവർ വിളിച്ചു.... ഞാൻ കണ്ടത് പ്രണയം മാത്രം....

ചുമരിലെ ആ നിഴൽ എന്റെ നിഴലിന്റെ നെറുകയിൽ ചുംബിക്കുന്നു..... ഒരു പുഞ്ചിരിയോടെ നിഴലിനെ തലോടിക്കൊണ്ട് ഞാൻ മനസ്സിൽ പറഞ്ഞു.... ഇനിയും വിളിക്കു 'ഭ്രാന്തി' എന്ന്.... ഭ്രാന്തിയാണ് ഞാൻ.

Adwaya
2018 Batch

LET NO ONE STEAL YOUR DREAMS

Let no one steal your dreams
Let no one tear apart
The burning of ambition
That fires the drive inside your heart.
Let no one steal your dreams
Let no one tell you that you cant
Let no one hold you back
Let no one tell you that you wont
Set your sights and keep them fixed
Set your sights on high
Let no one steal your dreams
Your only limit is the sky
Let no one steal your dreams
Follow your heart
Follow your soul
For only when you follow them
Will you feel truly whole
Set your sights and keep them fixed
Set your sights on high
Let no one steal your dreams
Your only limit is the sky.

Farzana Sagar
2019 Batch

LONELINESS

I can see how lonely and deep feelings runs
Nothing holds me back from thoughts
Dawn till dusk sorrows piles up on mind
It scares me and seems catastrophic
Eventhough I try hard to get rid of
My destiny bring back to genesis
Characters attempt to persuade me
It avails disappointment and matters of guilt
Stuck between two shades of realities
Envies much knowing belongs to neither
People embrace me due to this fig
It feels empyreal to me
Even my love regrets me
Looks like I am a blackhole
May regret the way we end
Never regret what we had
I am afraid people spit on me
Tear like pieces of paper
Even filth had its value in world
I am a stranger with rotten grief
Eye always wanders for joy
Realisation quiver me, I'm lonely
For them I'm a soul with no purpose
Even my voice outrages delirious
Been always backstabbed by all
Still learning how to walk through thorns
Keeping my circle small and walls high
Let me walk on path of hopes.

Theertha Balakrishnan P.
2014 Batch

pixwix

കൂട്ട്

ദേവൻ ഓടുകയാണ്. പക്ഷെ പറ്റുന്നില്ല. കാലുകൾ തളർന്നു പോയപോലെ. ചിലപ്പോൾ ഉള്ള ശക്തിയെല്ലാം ഹൃദയമിടിപ്പിന്റെ ബലം കൂട്ടുന്നതുകൊണ്ടാവാം. ഇടയ്ക്ക് കണ്ണുകൾ നിറയുന്നതുപോലെ... എങ്ങനെയോ ഒരു ഓട്ടോ കിട്ടി. "പാലയ്ക്കൽ അജയന്റെ വീട്....." അറിയാം എന്ന ഭാവത്തിൽ ഓട്ടോക്കാരൻ തലയാട്ടി.

തന്റെ ധൃതിയെക്കുറിച്ച് മനസ്സിലാക്കിയപോലെ അയാൾ വേഗത്തിൽ ഓട്ടോ പായിച്ചു. അതിനേക്കാൾ വേഗത്തിൽ തന്റെ മനസ്സിൽ അജയനെക്കുറിച്ചുള്ള ഓർമ്മകളായിരുന്നു. എന്നാണ് ഈ സൗഹൃദം തുടങ്ങിയതെന്നറിയില്ല, പക്ഷെ അതിനൊരിക്കലും ഒരു അന്ത്യമുണ്ടായിരുന്നില്ല. അവന്റെ കൂടെ ചിലവഴിച്ച നാളുകൾ എണ്ണമറ്റതാണ്. സ്വന്തം മാതാപിതാക്കളോടൊപ്പം പോലും ഇത്രയും നാൾ കഴിഞ്ഞിട്ടില്ല. തന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നതുപോലെ ദേവനു തോന്നി.

സ്കൂൾ-കോളേജ് കാലഘട്ടങ്ങളിലായിരുന്നു തങ്ങളുടെ സൗഹൃദത്തിന് നിറം കൂടുതൽ. അജയനോടൊപ്പമുള്ള ഓരോ നിമിഷവും രസകരമായിരുന്നു. അവൻ മിടുക്കനായിരുന്നു. തന്നേക്കാൾ പഠനത്തിലായാലും കലാകായികമത്സരങ്ങളിലായാലും അവൻ കൈനിറയെ സമ്മാനങ്ങൾ വാങ്ങിക്കൂട്ടുമായിരുന്നു. അതുപോലെ തന്നെ കുസൃതിയും. അവനു ഞാനും കൂടി എത്ര എത്ര പറമ്പുകളും തോടുകളും മേടുകളും കയറിയിറങ്ങുമായിരുന്നു. ചാമ്പക്കയും, പേരക്കയും, മാങ്ങയും, ഞാവൽപഴവും, അത്തിപ്പഴവും.... അങ്ങനെ പാത്തും പതുങ്ങിയും ഞങ്ങൾ എടുത്തുകൊണ്ടുപോയിക്കഴിച്ച പഴങ്ങൾക്ക് എണ്ണമില്ലായിരുന്നു.

ഒരുദിവസം പുഴയിൽ ഒരുമിച്ച് കുളിക്കാൻ പോഴപ്പോഴാണ് അത് സംഭവിച്ചത്. തന്നേക്കാൾ നന്നായി നീന്താൻ അറിയാമായിരുന്നിട്ടും അവൻ മുങ്ങിപ്പോയി. എന്താണെന്നോ എങ്ങനെയാണെന്നോ മനസ്സിലായില്ല. എങ്ങനെയൊക്കെയോ ഞാൻ അവനെ പിടിച്ചു കയറ്റി. അവന്റെ മുഖം വിളറിവെളുത്തിരുന്നു.

സമാധാനിപ്പിക്കാനെന്നവണ്ണം ഞാൻ "പേടിക്കേണ്ടാ, ഞാനെന്നും നിന്റെ കൂടെയുണ്ടാവും" പക്ഷെ ചെറുപുഞ്ചിരിയോടെ അവൻ നൽകിയ മറുപടി തന്റെ നെഞ്ചിൽ ഇടിത്തീ വീണ പോലെയുള്ള പ്രഹരമുണ്ടാക്കി. "ഇന്ന് നീ എന്നെ രക്ഷിച്ചു, ഇനിയും നീ എന്നെ രക്ഷിക്കുമെന്ന് എനിക്കറിയാം പക്ഷെ.... ഒരു ദിവസം.... ആ ഒരു ദിവസം നിനക്കെന്നെ രക്ഷിക്കാൻ കഴിയില്ലെടോ." ഞാൻ പെട്ടെന്ന് അവന്റെ വായ പൊത്തി രൂക്ഷത്തോടെ നോക്കി പക്ഷെ ഇന്ന്.... ദേവന്റെ ഹൃദയം വിങ്ങിപ്പൊട്ടുകയാണ്.

"ചേട്ടാ വീടെത്തി.." ഓട്ടോക്കാരന്റെ ശബ്ദം കേട്ട് ദേവൻ ഞെട്ടിയുണർന്നു. അതെ, അജയന്റെ വീടെത്തിയിരിക്കുന്നു. മുറ്റത്തു നിറയെ ആളുകളുണ്ട്. ദേവൻ ധൃതിയിൽ ഓട്ടോക്കാരനു പൈസകൊടുത്ത് തിരിഞ്ഞതും അവിടെയുണ്ടായിരുന്ന കരച്ചിലുകൾ നിലവിളികളായി മാറി.

ദേവൻ ഓടി ആൾക്കൂട്ടത്തിലേക്കു കയറി. പക്ഷെ ദേവൻ കണ്ടകാഴ്ച്ച അവനു സഹിക്കാവുന്നതിലുമപ്പുറമായിരുന്നു. നിറകണ്ണുകളോടെ മകൻ അച്ഛന്റെ ചിതയ്ക്കു തീകൊടുക്കുന്നു. ആളിപ്പടർന്ന തീ പക്ഷെ പൊള്ളിച്ചത് തന്റെ ശരീരത്തെയാണെന്ന് ദേവനു തോന്നി.

അവന്റെ കണ്ണുകൾ നിറഞ്ഞു, ധാരധാരയായി കണ്ണുനീർ ഒഴുകുകയാണ്.... അവന്റെ തൊണ്ടവറ്റുന്നതുപോലെ.... കൈകാലുകൾ തളരുന്നതുപോലെ.... അവന്റെ കണ്ണുകളിൽ ഇരുട്ടുകയറുന്നതുപോലെ അവനു തോന്നി....

ദേവന്റെ ആത്മാവ് അവനോട് മൊഴിഞ്ഞു, "അവനു കൂട്ടായി നീയെന്നും ഉണ്ടാവും..."

Aliya Nazeer
2019 Batch

പോയ വഴികളിലൂടെ

ഈ വഴിലിത്തിരി നേരം
ഞാനൊന്നിരിക്കട്ടെ !
മാറുന്ന കാഴ്ചകൾക്കു കാലമെന്നു പേരിട്ടു
ഞാനെന്റെ ജീവിതവ്യഥകളീ –
സരണിയിലിറക്കട്ടെ.
പൂക്കാൻ കൊതിച്ചൊരു
ബാല്യവും; നിറകൗമാരം
തളിരിട്ട പച്ചപ്പുതുവയൽ പോൽ !
ചിന്നിച്ചിതറിയെത്തിയ മഴ –
ത്തുള്ളികളിലുപ്പു പതിപ്പിച്ച
യൗവനമീ പാതകളിൽ
ചേർത്തിനിയുമടങ്ങാത്ത
പ്രണയവസന്തത്തിനായി
ഞാൻ കാതോർത്തു കാത്തിരിക്കട്ടെ.

Jaisina
2016 Batch

LOVE MYSELF

Loving myself might be harder
Than loving someone else
The standards I made are stricter for myself
The thick tree rings in your life
It's part of you,
Our lives are long,
Trust yourself when in a maze
As winter passes, spring always comes.
The me of yesterday, the me of today,
the me of tomorrow.
With no exceptions, it's all me
I'm looking for myself again
Yes, I have that beauty
I'm on the path to loving myself
I'm walking for myself
The happiness I need, l will find myself
I'm not afraid because it's me
I have reasons, I should love myself

Hanan Farhath
2017 Batch

AT THIS MOMENT LIFE IS PERFECT

The world is running down
Time is running out
And there is predators and prey
You were either running or hunting .
In a world where dollars and bills matters
Social media is ruling or ruining
And money owns the greatest possession
Where nobody discusses about failures
I ask you dear world
Wake up slowly, listen to the bird chirping
Gently smile, Thank your life
See the million colors' of sunrise
Lets run along with the wind
Lets forget everything everything that is
And just be there as nothing
Let us situate ourselves in places
Where we are at peace
Where humanity, solidarity,
compassion matters
Oh world!! Lets pause for a moment
And smile at each other
Embrace the flaws and grace
Don't just be a part of a crowd
See this life with a different eye
Celebrate this express yourself
Yes. you will be judged
But you will be celebrated too
You keep running on the track
Go for it. You may fail
Fall down and stand up again
Till we see you at the finish line.

VEENA C. BABU
2014 Batch



ഇരുൾ അകന്ന ജീവിതം



Aswani Soman
2014 Batch

ഹൃദയം പിളർക്കുന്ന വേദനയായിരുന്നു
അന്നെൻ അമ്മയ്ക്ക്.
പിഞ്ചൂവിരലുകൾ മണ്ണിൽ പതിഞ്ഞനാൾ
ഇരുട്ടിൽ നിന്നും ആദ്യമായി
സൂര്യവെളിച്ചം ഏറ്റൂ ഞാൻ
കരുതിയില്ല എന്നെ ക്കാത്തിരുന്നത്
എന്നെ തന്നെ കീറിമുറിക്കുമെന്ന്

കാൽ വളരുന്നതും മുടി വളരുന്നതും
കാതോർത്തിരുന്നൊരെൻ
അച്ഛനും അമ്മയ്ക്കും ഭയമായിരുന്നു.
നിശയുടെ കരിനിഴൽ എന്നിൽ പതിക്കും
മുന്നേ, എന്നെ ഒളിപ്പിച്ചുവെക്കാൻ
തിടുക്കം കൂട്ടുമായിരുന്നു.

നിർഭാഗ്യമെന്നു പറയുന്നതുപോലെ
എല്ലാം അവസാനിച്ചതും
ഞാൻ ഇല്ലാതെ ആയതും ആ
കരിപിടിച്ച ഇരുട്ടിലായിരുന്നു.

കൈകളിൽ കണ്ണീരും...
കുത്തഴിഞ്ഞ ജീവിതവുമായി
അത്രയധികം ഓടിയിട്ടും
എന്നും ആക്രമിക്കപ്പെട്ടുകൊണ്ടിരുന്നു...
പേടിയായിരുന്നു ഇരുട്ടിനെ....
എന്നും....

ഭ്രാന്തമായി ഓടിയിട്ടും ഒരിക്കലും
പിടിവിടാതെ എന്നെ കാർന്നു
തിന്നുന്ന കൈകളിലേക്ക് വീണ്ടും വീണ്ടും
തെന്നിവീഴുമ്പോഴും ഒരു തരി വെളിച്ചത്തിനായി
കൊതിച്ച മനസ്സും.... മാത്രമായി.

നിറഞ്ഞൊഴുകിയ സ്വപ്നങ്ങളും
പറന്നൊഴുകിയ സത്യങ്ങളും...
ആ സ്വപ്നങ്ങളിലേക്ക് കൈകോർക്കാൻ
കഴിയാതെ.... കിതച്ചോടിയ നാളുകളും

എന്നാണ് ഒരു നേരിയ വെട്ടമെങ്കിലും
എനിക്ക് വേണ്ടി തുറക്കാത്തത്...

ജീവിതവെട്ടം എനിക്കായി കാത്തുവെച്ചത്
കൈ എത്തിപിടിക്കാൻ ഓടുകയായിരുന്നു...
ഇരുണ്ട ഇടനാഴികകളിൽ
തനിച്ചോടിയ ഞാൻ എന്നും കരയുകയായിരു
ന്നു.

പേടിച്ചരണ്ട നാളുകൾ കഴിഞ്ഞു
ഇനിയെങ്കിലും ജീവിക്കണം.
എന്റെ ജീവിതവെട്ടം ഞാൻ തന്നെ തേടണം.....
വെളിച്ചത്തിലേക്കായ് കുതിക്കണം....

വെളിച്ചത്തിലേക്ക്

കൈ എത്തിക്കുന്ന കരങ്ങളെ
പിന്നിലേക്കു വലിക്കുമ്പോൾ
അവയെ തട്ടിമാറ്റി വെളിച്ചമാകുന്ന
ആകാശത്തെ ചൂണ്ടികാട്ടാൻ കഴിയണം.

ഇന്നൊരു സത്യമറിയുന്നു ഞാൻ...
എന്നെപ്പോലെ ആയിരങ്ങൾ...
പതിനായിരങ്ങൾ....
എല്ലാവരുടെയും വെളിച്ചമാകണം.
ഇരുട്ടിനെ തകർത്ത് എങ്ങും
വെളിച്ചം വിതറണം....

സുന്ദരസ്വപ്നങ്ങളും വർണ്ണമയമായ നാളുകളും
കൊതിക്കുന്ന പെൺമണികൾ
അവരിലേക്കെത്തുന്ന സൂര്യവെളിച്ചമാകണം
ഒരിക്കലും അസ്തമിക്കാത്ത
സൂര്യ ഒളി.....

കടുത്തരോക്ഷത്തിൽ നിന്നും
ഉടലെടുത്ത അഗ്നിജ്വാലകളേക്കാൾ
ഭയാനമായത്...
അതാവണം നീയെന്ന വെളിച്ചം.

രാവും പകലും നിനക്കൊരുപോലെയാകണം
എന്നും നിന്റെ മുന്നിൽ വെളിച്ചത്തിന്റെ
പടച്ചട്ട വിരിക്കണം.

സ്നേഹത്തിന്റെ ഭദ്രതയും
സംരക്ഷണത്തിന്റെ കെട്ടുറപ്പും,
നിന്നിലേക്കരുളിയ വെളിച്ചത്തിൽ
നിലനിൽക്കും...

അതിനായി കാത്തിരുന്ന മാനവസംഘവും
നീയെന്ന പെണ്ണിന്റെ സുരക്ഷയും നിന്നിൽ
തന്നെ ഉണ്ടായിരിക്കട്ടെ....

നിന്റെ ഈ സ്നേഹവെളിച്ചം....
ജീവിതവെട്ടം...
എങ്ങും പടരട്ടെ...

വെളിച്ചത്തിലേക്ക്....
എന്നും എപ്പോഴും...
എല്ലാ ആ ദിവ്യ വെളിച്ചത്തിൽ
ഒരിക്കൽ ലയിക്കും....
വെളിച്ചത്തിലേക്ക്....
വെളിച്ചത്തിലേക്ക്....

അനുദിന തീക്ഷണ കലാലയയാത്രയിൽ
അന്ധകാരത്തിരി പൊൻപൂവണിയവെ
അടിമത്വത്തിൻ ജാതിതീക്കനൽക്കരികൾ
നിറമാർന്നണയുന്നത് കീഴാളവർണ്ണവിവർത്തനങ്ങൾ.

മാതാണുവിൽനിന്നും പിതാംശത്തിൽനിന്നും
കലവാർന്നവിടം പിറവിയെടുത്ത വർണ്ണാനുഭീഷ്മം
പറയപുലരി വേർത്തിരിച്ചടർത്തിയ
കറുപ്പിൻ ചുവൽച്ചേച്ച് വിറകൊള്ളിയമരുന്നു.

നെടുവീർപ്പോടാണയും കാലായുഗങ്ങളിൽ
ഇരുളാൽ മറഞ്ഞ കറുത്തവർണ്ണകളഭ()
മധുരനാമ്പുയരും കുയിൽനാദം നിവർണ്ണം
യൗവ്വനകനകധാത്രിയണയും പ്രിയം നിവർണ്ണം

ചൂടുമെത്ത തൽപരങ്ങളിൽ നിറപൂണ്ട
കരണാവര മർത്ത്യത്തിൽ ചെഞ്ചോരയോണയും
കരിനീലമലയാളധാത്രി പൂണ്ടനിവർണ്ണം
അനിവാര്യമാ വിളങ്ങലിച്ച പുതുഞ്ഞരമ്പിൻ –
വർണ്ണതീവ്രതയിൽ പൂകി.

അവർണ്ണതലം നീർത്തി കറുത്തവേകവർണ്ണത്തെ
നിഴൽപോലെ തുടരും കനികൾ വർണ്ണം.
ചണ്ഡാളവംശത്തിൻ മാംസാശ്രൂ നീട്ടുന്ന –
കരിപൂക്കൾതൻ തുമ്പുകൾ വർണ്ണമേ....

അലയുന്ന വെളിച്ചത്തിൽ തിരിതാണ
സന്ധ്യതൻ പുതുതുളസിതിര
മധുവായി വരിക നീ
കരിപുരളാ തൊലിനിറത്തിൽ
വിങ്ങലിൽ പൊള്ളിൽ ശ്യാമവർണ്ണത്തിൻ വെൺ –
പുലരിയിലേക്ക് നിറമാർന്ന വെളിച്ചത്തിലേക്ക്.

Aneena Ajith
2018 Batch

annoor team

pg induction

onam

LIFE IN MARS

In my childhood I remember my grandmother telling me stories about how her mother used to live on another planet and how there was a beautiful sky and oceans there on earth. I always found those stories fascinating and almost out of the world because life in Mars is nothing like that.

It's been a 100 years since we humans have shifted to Mars. It was an award winning discovery when a great scientist discovered that life would be sustained in Mars. Life on earth was being difficult with all the pollution, earthquakes, climatic changes and all; or so the history textbook says.

Only some poor humans got left behind on earth with another team of scientist trying to find a way making earth habitable. My name is Lyra and I am one among those poor souls, who's been given the task to visit that ruined planet ones called earth and test if the atmosphere is salvageable.

The climate in Mars is always hot, as it is close to sun the water source are so scarce that there are strict laws governing water usage. There are building, huge ones but most of them underground. The night lives are always teaming. Whatever it may be Mars is home, where we all were born and brought up. All of us from childhood have been taught to respect our planet and to do everything to protect and nurture it. Tale of earth is like a fairytale, known to everyone, with a moral how things would go wrong if we don't respect and protect our planet.

As I said even though I love mars with my whole heart I always wanted to visit earth. Its been a

childhood dream of mine to see what fuss is all about. So when it was my turn to choose a planet protection project (which is mandatory for inmates of the planet) I decided to put in my name for the volunteers earth probe programme which brings us back to the present.

It is like a field trip these days, Inter planetary travel is very expensive, but since this one is for an environmental protection programme, there are sponsors giving up. We have been grouped into a team of 20 including our team leaders who has prior experience and has been jabbing about how we kids are all enthusiastic when we all should fill the melancholy of a dying planet or something of that matter. Mood killer, that's what he is, its not a chance we get to visit the earth every day Is it so? I am so excited literally am going to burst. So finally the wait is over, we are all been requested to wear our biohazard suits. Wow!!! They are bulky then the doors opened.

Well what happened next was not at all like my dreams. The planet we have landed; well surely this cannot be earth. There were dark sky, all barren land, where the greenery that was so lush that our heart should be overwhelmed like my Granny said. There were broken buildings everywhere. The water which was supposed to be blue was dark black it was sluggish. There was no teaming wild life, no life at all for that matter. It was truly disappointing. Really I have seen pictures in my books this was not what earth was supposed to look like we have definitely made some mistakes.

I questioned this, I have learned all my life how earth was neglected because of the actions of single species "homo sapiens" but still I respected it more than Mars, with all the atmosphere and water and all its truly unsalvageable. It is really like stepping into a terrifying nightmare. Can't they do something, would it the humans who lived here see where they were going with their actions. It is frightening that my ancestors were such human's who could destroy something so beautiful and precious. They had to realize what was happening around them and had to be stopped and yet earth is unsalvageable. Determination bubbled inside me I am going to make sure that Mars has to never ever suffer the same. Atleast one generation have some duty towards planet and not to let it rot like earth. I wish my ancestors had at least one millionth of love we have for earth. Ignorance can be disastrous, I have seen that with my own eyes.

Dr. Varsha Ushakar
Postgraduate student
Dept of Periodontics

iftar

deepavali

ശാന്തി

ഒരു തിരിനാളമായ് ഉരുകുമെൻ
ജീവന്റെ ഓർമകൾ പേറുന്നു
മൺപാതകൾ......
മണ്ണിന്റെ മണവും മനുഷ്യന്റെ
മണവും ഇടതൂർന്നു നിന്നൊരാ
നടപ്പാതകൾ......
അലറിക്കരഞ്ഞതും ആൾത്താര
ദീപമായ് ഉരുകിത്തീർന്നതും
മർത്യാ നിൻ കൈകളാൽ
സ്വപ്നങ്ങളും വർണമോഹങ്ങളും
സ്വർഗവാതിൽ കടന്നങ്ങുയർന്നു പൊങ്ങി...
പറക്കുവാൻ മോഹിച്ച പാദങ്ങളോ
പിരികയറുകളാലാകെ വരിഞ്ഞുകെട്ടി
വിതുമ്പാനും വിളറിവെളുക്കാനും
വെള്ളത്തുണിക്കെട്ടിനുള്ളിലായ് ഒതുക്കി വച്ചു.
കപടസ്നേഹവും കാമത്തിൻ വെറികളും
കറുത്തബലിക്കാക്കയായ് പറന്നുപൊങ്ങി
ജീവനും ഓജസ്സും ഊറ്റിയെടുത്തു നീ
ജീവച്ഛവമായി വലിച്ചെറിഞ്ഞു
എന്നിലെ ഞാനും നിന്നിലെ നീയും
ഒരമ്മതൻ അംശമെന്ന് വിസ്മരിച്ചു
താങ്ങായ് തണലായ് തഴുകേണ്ടവർ
കൈക്കുമ്പിൾ ചാരമായ് ഒഴുക്കിവിട്ടു
എൻ കണ്ണീരിൻ ഉപ്പും
എൻ ഓർമതൻ വിഴുപ്പും
ഓളങ്ങളായ് തീരത്തടിച്ചു വിട്ടു
ആർത്തലച്ചെൻ നാദമാവാഹിച്ചാ –
കാറ്റും ആ കിളിവാതിൽ കടന്നുപോയി
മണ്ണിന്റെ മാറിലായ്
മരച്ചു കിടന്നൊരെൻ
മണവും മണ്ണിൽ അലിഞ്ഞുപോയ്
ഒരു ജ്വാല മാത്രമായെന്നെ
ആവാഹിച്ച ച്ചോരണിയും
കെട്ടങ്ങണഞ്ഞുപോയി
ഈ മണ്ണും മാരിയും ഓളങ്ങളും
കൊടുങ്കാറ്റും കടലും കനൽജ്വാലയും
ഒരു നാൾവരും നിന്നെയും ആവാഹിക്കാൻ.
നിയമവും നീതിയും നിർണയിക്കാൻ
നീറുമെന്നോർമക്ക് ശാന്തിയേകാൻ
നീറുമെൻനോവിന് മോക്ഷമേകാൻ.

Bavitha V. Nath
2016 Batch

UNVEILING THE SLAM BOOK

I rummaged through the bookshelf for my slam book.
It was embraced with dust &webs...
I opened the front page and it read
"FRIENDS FOR LIFE"
A long lost friend of mine wrote it down,
Whom I faintly remember.
I walked down the memory lane &
Pondered with a thoughtful smile
Over my childhood memories..
For I never thought I'd be uprooted from
Where I actually belong
The fragrance from the slam book sheets
Brought the same aroma of my classroom
It took me a while to realize,
My slam was 6 years old...
With moist eyes, I turned the pages one – by-one,
Recollecting every faint memory of my schooling,
The faces of each friend of mine, the streets,
The aura, the ambience..
I wish I had a time machine to go backs
To those golden days!!!
Because here my heart says "I belong there".

Arsha Prasad
2017 Batch

thra 2K19

2K19



Presented by
YOLO

yolo

The murder of S.Swathy, a young employer of Infosys Chennai has shown a harsh light on a public safety in the city. Though the Chennai police did extremely well in nabbing the culprit, the administration must engage to restore the confidence of the people. In order fight against all such crimes.

Off late, a lot of tragic incidence highlights the countless and brutal crimes against women. It is pity to know that women are treated so brutally, so mercilessly than one could ever imagine. Now the question is why are the women targeted the most? Aren't they humans just like us? Don't they too have their own dreams and desires to accomplish?

Swathy is not only the one who was stalked, raped and killed, there are many such women all over the world. Stalking is something which should not be ignored. It is an offence to follow a woman and contact her, to foster personal interaction repeatedly despite a clear indication of her disinterest or monitor her use of the internet or any other forms of electronic communication. But most of all, for women to say 'no' there needs to be strong awareness. Media has the power to do more rather than write about such incidence as space fillers. How much better would India be if the public is better informed and better equipped to fight such injustice.

The rapid surge of crimes against women reflects defects in general value systems in the minds of individuals who fail to see the injustice of their acts. India has fallen short of respect for women since the immemorial women have often been outcast and their respect and honour have not been priced enough.

Male aggression is frequently the ''manliness of man". Rightfully so, if the manliness is used for safeguarding the honour of women. It is worthy or if the same is used to take that away, then it is a crime.

''childhood is the period of building virtues as well as flaws" it's not uncommon to see a husband talk rudely to his wife or daughter. The same behaviour noted differently towards the male child gets imprinted on the tender mind of the child.

When girl know that they can stand for themselves and that the world will stand for their defence, they get the confidence to speak up when their respect is attacked. It's time that everyone looks at woman with the light eye.

LOOK WHO'S STALKING....



Every girl child, adolescent and woman needs to believe that if there is any kind of inappropriate wrong and indecent behaviour towards her from any male, be it a family member, neighbour, friend or stranger she needs to report it once and not to feel shy or threatened.

Empowering girls from a young age will generate empowered woman who will be able to stand strong and defend themselves emotionally as well as physically. When treated by indecent men and the decent boys who will grow into civilised men just join hands with each other to safe guard the respect that they have built in their souls for all women.

''Honour woman! They weave the heavenly roses in our earthly life".....

Nadhiya Faisal
2019 Batch

Alginadil & Afnashanavas
Final year undergraduate students has credited with an international publication in a scientific journal'' International journal of forensic odontology'' titled ''Role of antemortem data in forensic odontology a literature review''.

Anjana K.
Secured highest mark among KUHS 2014 regular batch students of Annoor Dental College.

Safa
ISP merit award for securing first position in the subject of periodontology among all dental colleges of country for year 2018.

Teresa Joby E.
2nd prize for case presentation during interdentz 2k19 held at Mar Baselious Dental College

Throw ball team-1st runner up at Interdentz 2k19 held at Mar Baselios Dental College.

Basket ball team - 1st runner up at Interdentz 2k19 held at Mar Baselios Dental College.

Santhu Sajeev
1st prize for logo designing conducted by IDA(Vaibhavam 2019).

Ashmey Maria Sajan
3rd prize in case presentation at interdentz 2k19 held at Mar Baselious Dental College.

Basil Baby
1st prize for E poster at interdentz 2k19 held at Mar Basilious Dental College.

achievements

Dr. Sapna Chandran
1st Rank
All Kerala MDS Exam. (final year)
Oral Pathology & Microbiology

Dr. Anju Antony
2nd Rank
All Kerala MDS Exam. (final year)
Dept. of Orthodontics &
Dentofacial Orthopaedics

Dr. Bini Varghese
2nd Rank
All Kerala MDS Exam. (final year)
Dept. of Periodontology

1st prize for one minute fame for Interdentz 2k19 held at Mar Baselios Dental College.

Dr. Giju George Baby - BEST PRINCIPAL of the year 2019, by Global Society for Health and Educational Growth.

Prof. Dr. Vineet Alex Daniel has been invited ae guest speaker at 7th annual congress on dental medicine and orthodontics held at Bali, Indonesia.

Dr. Priya Thomas
secured 1st rank in certificate course in health care counselling- KUHS 2K19 batch.

Dr. Deepak Thomas
secured 1st rank in certificate course in ''family health care and health humanities'' awarded by KUHS.

Dr. Jose Paul
- Won 2nd prize in best dental college for celebrating oral hygiene day
- Convocated as a fellow of ''pierrefauchard academy''
- 1st prize for conducting best CDE programme

dentofest

Mr. T. S Binyamine

BEST CEO
of the Year in India 2019

“Nelson Mandela Global Achievers Award”

ANNOOR DENTAL COLLEGE & HOSPITAL
Puthupady P.O., Muvattupuzha 686 673
Ernakulam, Kerala, India.
T. 0485 2815217, 2838000 (30 Lines)
E. annoordentalcollege@rediffmail.com
W. www.annoordentalcollege.org